8548
16/7/15

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം – കൊല്ലം (സതേൺ സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലേക്ക് തിരികെ പുന:സ്ഥാപിച്ച ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക എറണാകുളം ഹൈക്കോടതി ഫോറസ്റ്റ് ലെയ്സൺ ഓഫീസിലേക്ക് താല്ക്കാലികമായി പുനർവിന്യസിച്ച് ഉത്തരവാകുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം. 305/2015/വനം തീയതി, തിരുവനന്തപുരം, 06/07/2015

---

പരാമർശം: 1. സ.ഉ(സാധാ) നം.378/2011/വനം തീയതി 16/08/2011.
2. സ.ഉ(സാധാ) നം.484/2014/വനം തീയതി 28/11/2013.
3. സ.ഉ(സാധാ) നം.84/2014/വനം തീയതി 24/02/2014.
4. സ.ഉ(സാധാ) നം.206/2015/വനം തീയതി 20/05/2015.
5. സ്പെഷ്യൽ ഗവൺമന്റ് പ്ലീഡർ ശ്രീമതി സുശീല. ആർ ഭട്ടിന്റെ 02/06/2015 ലെ കത്ത്.
6. ഭരണവിഭാഗം മുഖ്യവനപാലകന്റെ 09/06/2015 ലെ ഇ 2-33682/14 നമ്പർ കത്ത്.

ഉത്തരവ്

വനം വകുപ്പാസ്ഥാന ഓഫീസിലെയും കൊല്ലം (സതേൺ സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലേയും ഫെയർ കോപ്പി സൂപ്രണ്ട് തസ്തികകൾ യഥാക്രമം കോട്ടയം പ്രോജക്ട് ടൈഗർ ഫീൽഡ് ഡയറക്ടറുടെ ഓഫീസ്, എറണാകുളം ഹൈക്കോടതി ഫോറസ്റ്റ് ലെയ്സൺ ഓഫീസ് എന്നീ ഓഫീസുകളിലേക്ക് താല്ക്കാലികമായി പുനർവിന്യസിച്ച് കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത തസ്തികകൾ പരാമർശം 2 പ്രകാരം പുന:സ്ഥാപിച്ചുവെങ്കിലും വീണ്ടും 1 വർഷത്തേക്ക് കൂടി താല്ക്കാലികമായി പുനർവിന്യസിച്ച് കൊണ്ട് പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത കാലാവധി അവസാനിച്ചതിനാൽ താല്ക്കാലികമായി പുനർവിന്യസിച്ച ഫെയർ കോപ്പി സൂപ്രണ്ട് തസ്തികകൾ തിരികെ മാതൃവകുപ്പിൽ പുന:സ്ഥാപിച്ച് പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു.

2. എറണാകുളം ലെയ്സൺ ഓഫീസിൽ നിന്നും തിരികെ മാതൃവകുപ്പിൽ പുന:സ്ഥാപിച്ച ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക എറണാകുളം ലെയ്സൺ ഓഫീസിന് വളരെ പ്രയോജനകരമാണെന്നും വനം കേസുകളുടെ നല്ല നടത്തിപ്പിന് പ്രസ്തുത തസ്തിക അവിടെ ആവശ്യമാണെന്നും ആകയാൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക 2 വർഷത്തേക്ക് കൂടി എറണാകുളം ഹൈക്കോടതി ലെയ്സൺ ഓഫീസിൽ താല്ക്കാലികമായി നിലനിർത്തണമെന്നും പരാമർശം 5 പ്രകാരം സപെഷ്യൽ ഗവൺമെന്റ് പ്ലീഡർ അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത തസ്തിക 1 വർഷത്തേക്ക് കൂടി ലെയ്സൺ ഓഫീസിൽ നിലനിർത്താൻ ഭരണവിഭാഗം മുഖ്യവനപാലകൻ ശുപാർശ ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 4 ലെ ഉത്തരവു പ്രാകരം എറണാകുളം ഹൈക്കോടതി ലെയ്സൺ ഓഫീസിൽ നിന്നും മാതൃവകുപ്പായ കൊല്ലം (സതേൺ സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലേക്ക് പുന:സ്ഥാപിച്ച ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക 1 വർഷത്തേക്ക് കൂടി എറണാകുളം ഹൈക്കോടതി ലെയ്സൺ ഓഫീസിലേക്ക് താല്ക്കാലികമായി പുനർവിന്യസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. വി. സുധീർ**
**ജോയിന്റ് സെക്രട്ടറി**

ശ്രീമതി സുശീല. ആർ ഭട്ട്, സ്പെഷ്യൽ ഗവൺമെന്റെ പ്ലീഡർ (റവന്യൂ) ഹൈക്കോടതി, എറണാകുളം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) തിരുവനന്തപുരം
ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, കൊല്ലം (സതേൺ സർക്കിൾ), കൊല്ലം.
ലെയ്സൺ ഓഫീസർ, ഫോറസ്റ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂമീഡിയ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ